# മദർ തെരേസ ഹൈസ്കൂൾ
## മുഹമ്മ



# അക്ഷയ ജ്യോതിസ്

## Academic Master Plan
## 2025-26









# ഉള്ളടക്കം


ആമുഖം....4
ലക്ഷ്യങ്ങൾ....4
സ്കൂൾ ചരിത്രം....5
സ്കൂൾ മികവിന്റെ കാഴ്ചപ്പാട്....6
വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ എണ്ണം....7
വിവിധ ക്ലബ്ബുകളും അവ ഏറ്റെടുത്തു നടത്തുന്ന അധ്യാപകരും....8
മറ്റു ക്ലബ്ബുകളും ചുമതലകളും....10
ഭൗതികം - നേട്ടങ്ങൾ....10
ഭൗതികം - പരിമിതികൾ....11
അക്കാദമികം - നേട്ടങ്ങൾ....12
അക്കാദമികം - പരിമിതികൾ....12
പദ്ധതി വിശദാംശങ്ങൾ :ഭൗതികം....39
പദ്ധതി വിശദാംശങ്ങൾ -സാമൂഹികം....41
ഉപസംഹാരം....44

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : മദർ തെരേസ ഹൈസ്കൂൾ |
| വിലാസം | : മുഹമ്മ പി ഓ , ആലപ്പുഴ ജില്ല |
| ഫോൺ | : 0478-2864038 |
| സ്കൂൾ കോഡ് | : 34046 |
| റവന്യൂ ജില്ല | : ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | : ചേർത്തല |
| വിദ്യാഭ്യാസ ഉപജില്ല | : ചേർത്തല |
| ബി ആർ സി | : ചേർത്തല |
| സി ആർ സി | : ചേർത്തല |
| ഗ്രാമപഞ്ചായത്ത് | : മുഹമ്മ വാർഡ് -11 |
| ബ്ലോക്ക് പഞ്ചായത്ത് | : ആര്യാട് |
| ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാമണ്ഡലം | : ചേർത്തല |
| ലോകസഭാ മണ്ഡലം | : ആലപ്പുഴ |
| താലൂക്ക് | : ചേർത്തല |
| വില്ലേജ് | : തണ്ണീർമുക്കം തെക്കു വില്ലേജ് |
| ഈമെയിൽ | : 34046alappuzha@gmail.com |
| സ്കൂൾ വിക്കി | : 34046 schoolwiki.in |

## ആമുഖം

വിദ്യാഭ്യാസ പുരോഗതിയെ വളരെയധികം സഹായിച്ചവയാണ് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിദ്യാഭ്യാസം പരമ്പരാഗതമായ അതിർവരമ്പുകൾ മറികടക്കുകയും ,സാങ്കേതികവിദ്യയെ ഉൾക്കൊള്ളുകയും അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ലോകത്ത് മാനുഷികമൂല്യങ്ങൾ മുറുകെപ്പിടിച്ച് മികവ് പുലർത്താൻ വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് സമഗ്രമായ ഒരു ചട്ടക്കൂട് ആവശ്യമാണ്.അക്കാദമിക മികവ് വളർത്തുന്നതിനും ,സമഗ്രമായ വികാസം പരിപോഷിപ്പിക്കുന്നതിനും സമൂഹത്തിന് അനുയോജ്യമായ രീതിയിൽ വാർത്തെടുക്കുന്നതിനും, പഠിതാക്കളെ അണിയിച്ചൊരുക്കുന്നതിനായി 2025 -2026 അധ്യയന വർഷം മദർ തെരേസ ഹൈസ്കൂൾ ,മുഹമ്മ മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകൾ, തന്ത്രങ്ങൾ , സംരംഭങ്ങൾ എന്നിവ വിശദീകരിക്കുന്നതാണ് 'അക്ഷയ ജ്യോതിസ് 'എന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ .കാലോചിതമായ മാറ്റങ്ങൾക്കൊപ്പം ഭാവി തലമുറയ്ക്ക് മെച്ചപ്പെട്ട പഠനസൗകര്യവും ഉറപ്പാക്കുന്നതിന് ഇത് ഉപകരിക്കട്ടെ.

## ലക്ഷ്യങ്ങൾ

- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതികസൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസ്സുമുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക,സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസര മൊരുക്കുക
- പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക.

- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുക
- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ,പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.
- കുട്ടികളുടെ മാനസിക വളർച്ചയ്ക്കും പഠന പിരിമുറുക്കം കുറയ്ക്കുന്നതിനും ആവശ്യമായ തരത്തിലുള്ള വിവിധങ്ങളായ പഠന തന്ത്രങ്ങൾ ആവിഷ്കരിക്കുക

## സ്കൂൾ ചരിത്രം

മുഹമ്മയിലെ ജനങ്ങളുടെ ചിരകാല സ്വപ്നം സാക്ഷാത്കരിച്ചുകൊണ്ട് മദർ തെരേസ ഹൈസ്കൂൾ 1982 ജൂൺ ഒന്നിന് പ്രവർത്തനം ആരംഭിച്ചു. അക്കാലത്ത് മുഹമ്മ നസ്രത്ത് കാർമൽ ഹൗസിന്റെ സുപ്പീരിയർ ആയിരുന്ന ഫാ. മാത്യു പോളച്ചിറയുടെ ആത്മാർത്ഥമായപരിശ്രമവും, നേതൃത്വവുമാണ് സ്കൂൾ ആരംഭിക്കാൻ സഹായകരമായത്. തുടക്കത്തിൽ എട്ടാം ക്ലാസിൽ രണ്ട് ഡിവിഷനുകളിലായി 88 കുട്ടികൾ ഉണ്ടായിരുന്ന സ്കൂളിന്റെ മാനേജർ ഫാ. മാത്യു പോളച്ചറിയും ടീച്ചർ ഇൻ ചാർജ് ശ്രീമതി ആനി കുഞ്ചറിയയും ആയിരുന്നു. ശ്രീ സി പി ജയിംസ് ,ശ്രീ ബി വാസുദേവൻ പിള്ള, ശ്രീമതി അന്നമ്മ കുരുവിള എന്നിവർ അധ്യാപകരായും സ്കൂളിൽ നിയമിക്കപ്പെട്ടു. വെറും വിജ്ഞാന സമ്പാദനം മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം വച്ചുകൊണ്ടുള്ള പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളാണ് മദർ തെരേസ സ്കൂൾ ലക്ഷ്യമിടുന്നത്.

സ്കൂൾ ആരംഭിച്ച് വളരെ വൈകാതെ തന്നെ അതിന്റെ അംഗീകാരം ഹൈക്കോടതി റദ്ദാക്കി.അതിനെ തുടർന്ന് മാനേജ്മെന്റിനു വേണ്ടി പോളച്ചിറ അച്ചൻ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ സുപ്രീംകോടതിയിൽ സമർപ്പിച്ചു. ഒരു വർഷത്തോളം നീണ്ടുനിന്ന നിയമ യുദ്ധത്തിന് തിരശ്ശീല വീഴ്ത്തിക്കൊണ്ട് 25 /07/1983 ൽ സുപ്രീംകോടതി സ്കൂളിന് സ്ഥിരമായ അംഗീകാരം നൽകി. ഈ അനുകൂല വിധി നേടിയെടുക്കുന്നതിനു വേണ്ടി രാവ് പകലാക്കി ഓഫീസുകൾ കയറിയിറങ്ങി പരാതികൾ എഴുതി രേഖകൾ തിരഞ്ഞെടുത്തു പിറവിയുടെ വേദന മുഴുവൻ പേറിയത് ബഹുമാനപ്പെട്ട പോളച്ചിറ അച്ചനാണ്. അന്നത്തെ പ്രൊവിൻഷ്യൽ ആയിരുന്ന റവ.ഡോ.തോമസ് മാമ്പ്രയുടെ നിർലോഭമായ സഹകരണം സ്കൂളിന് ലഭിച്ചു. സ്കൂൾ തുടങ്ങിയ

കാലത്ത് ഫാ. വെഞ്ചസ്ലാവോസ്, ഫാ. ആന്റണി വള്ളുവന്തറ തുടങ്ങിയവരുടെ സ്തുത്യർഹമായ സേവനം സ്കൂളിന് ലഭിച്ചു.

25/ 8 /1983 ൽ ഹെഡ്മാസ്റ്ററായി ഫാ. ജെ ടി മേടയിൽ ചാർജെടുത്തു. പിന്നീട് കഠിനാധ്വാനത്തിന്റെ നാളുകളായിരുന്നു. മേടയിലച്ചൻ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകി. ഇതിന്റെ ഫലമായി ആദ്യത്തെ രണ്ട് വർഷത്തെ എസ്എസ്എൽസി ബാച്ച് 100% വിജയം നേടി. മേടയിലച്ചന്റെ നേതൃത്വത്തിൽ പുതിയ സ്കൂൾ കെട്ടിടത്തിന്റെ താഴത്തെ നില പൂർത്തിയാക്കി. തുടർന്ന് സ്കൂളിന്റെ ലോക്കൽ മാനേജരും അതോടൊപ്പം അധ്യാപകനും ആയിരുന്ന ഫാ. മാത്യു വിത്തുവെട്ടിക്കലച്ചന്റെ നേതൃത്വത്തിൽ രണ്ടാം നില പൂർത്തിയാക്കി. പിന്നീട് വന്ന ഫാ. ലൂക്കോസ് വിത്തുവെട്ടിക്കലച്ചന്റെ നേതൃത്വത്തിൽ സ്കൂളിന് ഒരു കമ്പ്യൂട്ടറും, സ്മാർട്ട് റൂം എന്നിവ പണികഴിപ്പിച്ചു. സ്കൂളിന്റെ പടിഞ്ഞാറ് ഭാഗത്ത് നാലു ക്ലാസ്സ് മുറികളും ഒരു സ്പോർട്സ് റൂം ഉൾപ്പെടെ പൂർത്തീകരിക്കുന്നതിന് സ്കൂൾ മാനേജർ ആയിരുന്ന ഫാ. ജോസഫ് വട്ടപ്പറമ്പിൽ സി എം ഐ നേതൃത്വം വഹിച്ചു.

2024 –25 അക്കാദമിക വർഷം സ്കൂൾ മാനേജർ റവ.ഫാദർ പോൾ തുണ്ടുപറമ്പിൽ സി എം ഐയുടെ അനുവാദത്തോടെ ,സ്കൂൾ അഡ്മിനിസ്ട്രേറ്റർ ഡോ. ഫാദർ ഷാജി ജോൺ എനേകാട്ട് സി എം ഐ പിടിഎയുടെയും അധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിന്റെ മുഖച്ഛായ മനോഹരമാക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സ്കൂൾ കമ്പ്യൂട്ടർ ലാബ് നവീകരിച്ച .സ്കൂളിന്റെ മുൻവശത്തായി ഓപ്പൺ ഓഡിറ്റോറിയം നിർമ്മിച്ച് തറ ടൈലുകൾ പാകി മനോഹരമാക്കി. കുട്ടികൾക്ക് ഇടവേളകളിൽ വിശ്രമിക്കുന്നതിനും മാനസിക ഉല്ലാസത്തിനുമായി സ്കൂളിന് സമീപം ചാവറ പാർക്ക് നിർമ്മിച്ചു. കൂടാതെ പെൺകുട്ടികൾക്കായി വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലറ്റ് സൗകര്യവും ഉറപ്പാക്കി. അതോടൊപ്പം incinerator സ്ഥാപിക്കുകയും ചെയ്തു. പൂർവ വിദ്യാർത്ഥികളുടെ സഹകരണത്തോടെ കുട്ടികൾക്ക് ഇരിക്കുന്നതിനായി 400 ഓളം കസേരകൾ ലഭ്യമാക്കി.

ഇക്കാലയളവിലുടനീളം പൂർണ്ണ സഹകരണത്തോടെ പ്രവർത്തിച്ച പി ടി എയും സ്കൂളിന്റെ നേട്ടങ്ങൾക്ക് നിർണായക പങ്ക് വഹിച്ചു. ഇപ്പോൾ ഈ സ്കൂളിൽ എട്ടു മുതൽ 10 വരെ ക്ലാസുകളിലായി 548 കുട്ടികൾ വിദ്യ അഭ്യസിക്കുന്നു. ഇതുവരെ 40 ബാച്ചുകളിൽ നിന്ന് 38 തവണ എസ്എസ്എൽസിക്ക് 100% വിജയം കരസ്ഥമാക്കിയ ഈ സ്കൂൾ ഇന്ന് ചേർത്തല വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച സ്കൂളുകളിലൊന്നാണ്. നമ്മുടെ രാജ്യത്തും വിദേശങ്ങളിലും ആയി വ്യത്യസ്ത മേഖലകളിൽ ഉന്നത ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്ന നിരവധി കുട്ടികളെ സംഭാവന ചെയ്യുവാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

- പൂർണ്ണ മനുഷ്യനെ രൂപപ്പെടുത്തുന്ന നിരന്തരപ്രക്രിയയാണല്ലോ വിദ്യാഭ്യാസം. ആത്മജ്ഞാനം, പരജ്ഞാനം, ഈശ്വരജ്ഞാനം, എന്നിവയിലൂടെ പൂർണ മനുഷ്യനെ രൂപപ്പെടുത്തുക എന്നുള്ള ധർമ്മമാണ് വിദ്യാഭ്യാസത്തിനുള്ളത്. അതുതന്നെയാണ് ഈ സ്കൂളിന്റെ ആദർശവും ലക്ഷ്യവും. To know God, Thyself, Neighbour- സ്വയം അറിയുക, അയൽക്കാരനെ അറിയുക, ഈശ്വരനെ അറിയുക.

- പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്നതിന് അനുകൂലമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശാസ്ത്ര പുരോഗതിയും, ധാർമിക മൂല്യങ്ങളും പരസ്പര പൂരകങ്ങളായി വിദ്യാഭ്യാസത്തിൽ സമന്വയിപ്പിക്കൽ
- ശുചിത്വം, ദീനാനുകമ്പ, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷമൊരുക്കൽ
- ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിക്കുന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ടെന്നുറപ്പാക്കൽ
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കുവാനും വരും തലമുറയ്ക്കും കൂടി അർഹതപ്പെട്ടതാണ് ഈ ഭൂമി എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

## നിലവിലെ അവസ്ഥാ വിശകലനം

കായലോര ഗ്രാമമായ മുഹമ്മയിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളോടൊപ്പം കയർ തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും മക്കളും അധ്യയനം നടത്തിവരുന്നു.കുട്ടികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ ഉൾക്കൊണ്ടുകൊണ്ട് അത് അവരുടെ പഠനത്തെ ബാധിക്കാത്ത വിധത്തിലുള്ള സഹായങ്ങൾ സ്കൂൾ ചെയ്തുവരുന്നു. 13 ഡിവിഷൻ ഉള്ള ഈ സ്കൂളിൽ ഇപ്പോൾ 20 അധ്യാപകരും 4 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. അക്കാദമിക പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ ക്ലബ്ബുകളുടെ ചുമതലകൾ അധ്യാപകർ ഏറ്റെടുത്ത് അവ വളരെ ഭംഗിയായി നിർവഹിച്ചുവരുന്നു.

## വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ എണ്ണം

| വിഷയം | അധ്യാപകരുടെ എണ്ണം |
|---|---|
| മലയാളം | 3 |
| ഇംഗ്ലീഷ് | 2 |
| ഹിന്ദി | 2 |
| സോഷ്യൽ സയൻസ് | 3 |
| ഫിസിക്കൽ സയൻസ് | 3 |
| നാച്ചുറൽ സയൻസ് | 2 |

| | |
|---|---|
| മാത്തമാറ്റിക്സ് | 3 |
| കായിക വിദ്യാഭ്യാസം | 1 |
| കലാ വിദ്യാഭ്യാസം | 1 |

## വിവിധ ക്ലബ്ബുകളും അവ ഏറ്റെടുത്തു നടത്തുന്ന അധ്യാപകരും

### സയൻസ് ക്ലബ്ബ്

കുട്ടികളിൽ ശാസ്ത്രീയ അഭിരുചിയും അന്വേഷണത്വരയും വളർത്തി ശാസ്ത്രീയ സമീപനം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സയൻസ് ക്ലബ്ബ് സ്കൂളിൽ പ്രവർത്തിക്കുന്നു. കുട്ടികളിൽ ശാസ്ത്രകൗതുകം വളർത്തുന്നതിനും നിരീക്ഷണത്തിലൂടെ പഠിക്കുന്നതിനും സ്വയം പരീക്ഷണങ്ങൾ ചെയ്യുന്നതിനും സയൻസ് ക്ലബ് സഹായിക്കുന്നു. ക്വിസ് മത്സരങ്ങൾ ശാസ്ത്ര പ്രദർശനങ്ങൾ തുടങ്ങിയവ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. ശ്രീമതി ലിൻസി തോമസ് ഇതിന്റെ ചുമതല വഹിക്കുന്നു.സയൻസ് ക്ലബ്ബിൽ 50 കുട്ടികളാണ് അംഗങ്ങളായുള്ളത് .

### സോഷ്യൽ സയൻസ് ക്ലബ്

കുട്ടികളിൽ ദേശസ്നേഹവും പൗരബോധവും വളർത്തുന്നതിനും ചുമതലകളും,കർത്തവ്യങ്ങളും മനസ്സിലാക്കുന്നതിനും സഹായിക്കുന്ന സോഷ്യൽ സയൻസ് ക്ലബ്ബ് ഈ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. ആനുകാലിക സംഭവങ്ങളും ,ചരിത്രവസ്തുതകളും, പാഠ്യ വിഷയങ്ങളും, ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നതിനും സ്കൂളിനെ പ്രതിനിധീകരിച്ച് മത്സരങ്ങളിൽ പങ്കെടുത്ത് വിജയം കൈവരിക്കുന്നതിനും ഇത് സഹായിക്കുന്നു.മോക്ക് അസംബ്ലികൾ, മോക്ക് പാർലമെന്റുകൾ,ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ എന്നിവ ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. സോഷ്യൽ സയൻസ് അധ്യാപകനായ ശ്രീമതി ശ്രുതി ഈ ക്ലബ്ബിന്റെ ചുമതലഹിക്കുന്നു.

### മാത്തമാറ്റിക്സ് ക്ലബ്ബ്

കുട്ടികൾക്ക് ഗണിതശാസ്ത്രത്തോട് ആഭിമുഖ്യം ജനിക്കത്തക്ക രീതിയിൽ ഗണിത ക്വിസ് സംഘടിപ്പിക്കുക ഗണിത പാറ്റേണുകൾ പസിൽസ് ടീച്ചിങ് എയിഡുകൾ തുടങ്ങിയവർ തയ്യാറാക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നിവയാണ് ഈ ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ ശ്രീമതി ഷോളി ടീച്ചർ ഈ ക്ലബ്ബിന്റെ ചുമതല വഹിക്കുന്നു

### പരിസ്ഥിതി ക്ലബ്ബ്

കുട്ടികൾക്കിടയിൽ സാമൂഹിക അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു. പരിസ്ഥിതിയിലെ വ്യത്യസ്തയിനം ജീവജാലങ്ങളെ പരിചയപെടാനും അവയുടെയെല്ലാം പ്രത്യേകതകളെ കുറിച്ച് അവബോധം നേടിയെടുക്കാനും പരിസ്ഥിതി ക്ലബ്ബ് വളരെയേറെ പ്രയോജന പ്രദമാകുന്നു.വിദ്യാർത്ഥികളിൽ ശാസ്ത്ര പാരിസ്ഥിതിക അവബോധം വളർത്തിയെടുക്കുക, എല്ലാ ജീവജാലങ്ങളും പ്രകൃതിയിൽ നിലനിൽക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുക,പരിസര മലിനീകരണത്തെക്കുറിച്ചും പരിഹാരമാർഗങ്ങളെക്കുറിച്ചും

ബോധവത്കരിക്കുക, പ്രകൃതി സംരക്ഷണം ഓരോരുത്തരുടേയും കടമയാണെന്ന ബോധം വളർത്തിയെടുക്കുക,തുടങ്ങിയവ പരിസ്ഥിതി ക്ലബ്ബിന്റെ ലക്ഷ്യങ്ങളാണ്.ശ്രീമതി ധന്യ ടീച്ചർ ഈ ക്ലബ്ബിന്റെ ചുമതല വഹിക്കുന്നു

## ഹെൽത്ത് ക്ലബ്ബ്

കുട്ടികളുടെ ആരോഗ്യപരിപാലനം ലക്ഷ്യം വച്ചുകൊണ്ട് ക്വിസ് മത്സരങ്ങൾ ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തപ്പെടുന്നു. ശ്രീമതി സ്നേഹ ടീച്ചർ ചുമതല വഹിക്കുന്നു

## വിദ്യാരംഗം കലാസാഹിത്യ വേദി

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കലാസാഹിത്യാഭിരുചികളെ തൊട്ടുണർത്തുവാനും പരിപോഷിപ്പിക്കുവാനും സഹായകരമായ രീതിയിൽ വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തിക്കുന്നു. നമ്മുടെ ഭാഷയോടും സാഹിത്യത്തോടും വളരെ അടുക്കുവാനും താല്പര്യങ്ങളെ വളർത്താനും ഇത് സഹായിക്കുന്നു. ശ്രീമതി ജയ്സമ്മ ജോസഫ് ഇതിന്റെ ചുമതല വഹിക്കുന്നു

## എനർജി ക്ലബ്ബ്

ഊർജ്ജ സംരക്ഷണവും ബോധവൽക്കരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ക്ലബ്ബാണിത് സ്കൂൾ, വീട്, സമൂഹം എന്നിവിടങ്ങളിൽ ഊർജ്ജ വിനിമയത്തിന്റെയും, ഉപഭോഗത്തിന്റെയും അളവ് കുറയ്ക്കുക ,പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കുക എന്നിവയാണ് ലക്ഷ്യം. ശ്രീമതി ലിൻസി തോമസ് ഇതിന്റെ ചുമതല വഹിക്കുന്നു.

## ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്

ഇന്ത്യയിലെ സ്കൗട്ടിന്റെയും ഗൈഡിങ്ങിന്റെയും സംഘടനയാണ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് കുട്ടികളുടെ മാനസികവും, ശാരീരികവും ,ഭൗതികവുമായ കഴിവുകളെ പരിപോഷിപ്പിച്ച് സമൂഹത്തിനും രാജ്യത്തിനും വേണ്ടി മഹത്തായ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുകയാണ് സംഘടനയുടെ ലക്ഷ്യം വിവിധതരത്തിലുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലൂടെ വിവിധ പ്രാദേശിക സംസ്കാരിക സ്വഭാവങ്ങളുടെ സമന്വയം ഉണ്ടാക്കുവാനും അംഗങ്ങളിൽ ഐക്യവും ദേശീയമായ വീക്ഷണവും ഉണ്ടാക്കുവാൻ സഹായിക്കുന്നു. ശ്രീ കുര്യൻ കെ ജെ സ്കൗട്ടിന്റെയും സിസ്റ്റർ നവീന ഗൈഡിങ്ങിന്റെയും ചുമതല വഹിക്കുന്നു.

## ഗാന്ധി ദർശൻ

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ ആദർശങ്ങൾ ഉൾക്കൊണ്ട് ഉത്തമ പൗരന്മാരാവുക എന്ന ലക്ഷ്യത്തോടെ ഗാന്ധിദർശൻ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു.

## ലഹരി വിരുദ്ധ ക്ലബ്ബ്

മയക്കുമരുന്ന് ,മദ്യം ,മറ്റ് ലഹരിവസ്തുക്കൾ ഇവയുടെ ദൂഷ്യവശങ്ങൾ കുട്ടികളെ ബോധവൽക്കരിക്കുന്നതിനും , മദ്യത്തിനും മയക്കുമരുന്നിനും അകപ്പെട്ടവരെ കണ്ടെത്തി അവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് സഹായകരമായ ക്ലബ്ബാണ് ലഹരി വിരുദ്ധ ക്ലബ്ബ്.ശ്രീ കുര്യൻ കെ ജെ ഇതിന്റെ ചുമതല വഹിക്കുന്നു.

## ജൂനിയർ റെഡ് ക്രോസ്

ജൂനിയർ റെഡ് ക്രോസ് എന്ന സംഘടന ( JRC) 2013 ൽ ലിൻസി ടീച്ചറുടെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിൽ പ്രവർത്തിച്ചു തുടങ്ങി. 8 ,9, 10 ക്ലാസുകളിൽ നിന്ന് 60 കുട്ടികൾ ആണ് ഇതിൽ അംഗങ്ങളായിട്ടുള്ളത്. "എന്റെ കടമ സേവിക്കുക" എന്ന ലക്ഷ്യത്തോടെ ഈ സംഘടന സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു. സ്കൂൾതല എല്ലാ പ്രവർത്തനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങളിലും ജെ ആർ സി cadets നേതൃത്വം വഹിക്കുന്നു. ശ്രീമതി ലിൻസി തോമസ് ഇതിന്റെ ചുമതല വഹിക്കുന്നു.

## എൻ സി സി

ഐക്യം, അച്ചടക്കം, വ്യക്തിത്വ വികസനം തുടങ്ങിയവ കുട്ടികളിൽ ഉണ്ടാക്കുക, രാജ്യത്തോടുള്ള അഖണ്ഡതയും രാജ്യസ്നേഹവും രാജ്യത്തോടുള്ള കൂറും ഉണ്ടാക്കുക,അതിനേക്കാളുപരി ആർമിയിൽ ചേരുന്നതിന് കുട്ടികളെ സജ്ജരാക്കുക,എന്നീ ലക്ഷ്യങ്ങളോടു കൂടി മുഹമ്മ മദർ തെരേസാ ഹൈസ്കൂളിൽ 1 kerala Indep Coy , Cherthala bettalian ന്റെ കീഴിലുള്ള ഒരു NCC troop വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. 2019 June -ൽ ആണ് എൻ സി സി ഗേൾസിന്റെ ആദ്യബാച്ച് പ്രവർത്തനം ആരംഭിച്ചത്. 14.6.2019-ൽ 25 കേഡറ്റുകളെ തിരഞ്ഞെടുത്തു. ഇപ്പോൾ 8 ,9, 10 ക്ലാസുകളിൽ നിന്ന് 75 cadets ആണ് ഉള്ളത്.ശ്രീമതി അർച്ചന ഇതിന്റെ ചുമതല വഹിക്കുന്നു.

## മറ്റു ക്ലബ്ബുകളും ചുമതലകളും

| | |
|---|---|
| SRG കൺവീനർ | :ശ്രീമതി രാജി എം |
| സയൻസ് ലാബ് | : ശ്രീമതി ലിൻസി തോമസ് |
| എസ് ഐ ടി സി | : ശ്രീമതി മിനി വർഗീസ് കെ |
| ലൈബ്രറി | : ശ്രീ കുര്യൻ കെ ജെ |
| ന്യൂൺ ഫീഡിങ് | : ശ്രീമതി ജയ്സമ്മ ജോസഫ് |
| ഇംഗ്ലീഷ് ക്ലബ്ബ് | : ശ്രീ ജീൻസ് ജോസഫ് |
| ഹിന്ദി ക്ലബ്ബ് | : സിസ്റ്റർ സൗമ്യ മാത്യു |
| ഐടി ക്ലബ്ബ് | : ജെസമ്മ കുര്യൻ |
| ബയോളജി ക്ലബ്ബ് | : ശ്രീമതി ധന്യ ജോർജ് |

## ഭൗതികം - നേട്ടങ്ങൾ

സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പഴയ സ്കൂൾ കെട്ടിടം പുതുക്കിപ്പണിയും പുതിയ കെട്ടിടത്തിന്റെ മുകളിലത്തെ നില പണിയുകയും ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തു. തുടർന്ന് വിവിധ ഘട്ടങ്ങളിലായി മാനേജ്മെന്റ് നടത്തിയ വികസന

പ്രവർത്തനങ്ങളുടെ ഫലമായി ഇന്ന് 18 ക്ലാസ് മുറികൾ നിലവിലുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ ഹൈടെക് ആക്കിയപ്പോൾ നമ്മുടെ സ്കൂളിലും 15 ക്ലാസ് മുറികൾ എല്ലാവിധ സൗകര്യങ്ങളോടും കൂടി ഹൈടെക് ആക്കി മാറ്റി. കൂടാതെ പഴയ സ്കൂൾ കെട്ടിടത്തിനും ചുറ്റുമതിൽ നിർമ്മിക്കുകയും വിശാലമായ കളിസ്ഥലം, സൈക്കിൾ ഷെഡ് എന്നിവയും നിർമ്മിക്കുകയുണ്ടായി. കുട്ടികൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്താൽ R O പ്ലാന്റ് നിർമിച്ചു. ശ്രീ. പി. തിലോമത്തമൻ എം എൽ എ യുടെ എം എൽ എ ഫണ്ടിൽ നിന്നും സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായുള്ള അടുക്കള അനുവദിക്കുകയും അത് നിർമ്മിക്കുകയും ചെയ്തു.എല്ലാ ക്ലാസ് മുറികളിലും വൈറ്റ് ബോർഡുകൾ സ്ഥാപിച്ചു. ഈ സ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂളിന് സ്വന്തമായി ഒരു ബസ് വാങ്ങിച്ചു.കൂടാതെ 2024 ഏപ്രിൽ മാസത്തിൽ ഈ സ്കൂളിലെ നല്ലവരായ പൂർവവിദ്യാർത്ഥികളുടെ സഹായത്തോടെ 32 ക്യാമറകളും ഓഫീസ് ആവശ്യത്തിനായി ഒരു കമ്പ്യൂട്ടറും സ്കൂളിൽ സ്ഥാപിച്ചു.മാനേജ്മെന്റിന്റെ സഹകരണത്തോടെ പാചകപ്പുരയോട് ചേർന്ന് ഭാഗം ഷീറ്റിട്ട് മെച്ചപ്പെടുത്തി.ഹൈടെക് പദ്ധതിയുടെ ഭാഗമായി KITE ൽ നിന്നും 2024 ജൂൺമാസം വരെ 26 ലാപ്ടോപ്പുകളും 16 പ്രൊജക്ടറുകളും 1 ടിവിയും 1 പ്രിന്ററും ലഭിക്കുകയുണ്ടായി.

2024 –25 അക്കാദമിക വർഷം സ്കൂൾ മാനേജർ റവ.ഫാദർ പോൾ തുണ്ടുപറമ്പിൽ സി എം ഐയുടെ അനുവാദത്തോടെ ,സ്കൂൾ അഡ്മിനിസ്ട്രേറ്റർ ഡോ. ഫാദർ ഷാജി ജോൺ എനേകാട്ട് സി എം ഐ പിടിഎയുടെയും അധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിന്റെ മുഖച്ഛായ മനോഹരമാക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സ്കൂൾ കമ്പ്യൂട്ടർ ലാബ് നവീകരിച്ച .സ്കൂളിന്റെ മുൻവശത്തായി ഓപ്പൺ ഓഡിറ്റോറിയം നിർമിച്ച് തറ ടൈലുകൾ പാകി മനോഹരമാക്കി. കുട്ടികൾക്ക് ഇടവേളകളിൽ വിശ്രമിക്കുന്നതിനും മാനസിക ഉല്ലാസത്തിനുമായി സ്കൂളിന് സമീപം ചാവറ പാർക്ക് നിർമ്മിച്ചു. കൂടാതെ പെൺകുട്ടികൾക്കായി വൃത്തിയും വെടിപ്പുമുള്ള ടോയ്ലറ്റ് സൗകര്യവും ഉറപ്പാക്കി. അതോടൊപ്പം incinerator സ്ഥാപിക്കുകയും ചെയ്തു. പൂർവ വിദ്യാർത്ഥികളുടെ സഹകരണത്തോടെ കുട്ടികൾക്ക് ഇരിക്കുന്നതിനായി 400 ഓളം കസേരകൾ ലഭ്യമാക്കി.

## ഭൗതികം - പരിമിതികൾ

- ലാബ്, ആധുനികവൽക്കരിക്കണം .ലൈബ്രറി ഡിജിറ്റലൈസ് ചെയ്യണം.
- പൊതുപരിപാടികൾ ആകർഷണീയമായി നടത്തുന്നതിനുവേണ്ടി ഇൻട്രാക്ടീവ് പാനൽ ( സ്മാർട്ട് ബോർഡ് ) ആവശ്യമാണ്.
- ക്ലാസ് മുറികളിൽ ഓരോ കുട്ടിക്കും പ്രത്യേകം കസേരയും അടച്ചുറപ്പുള്ള മേശയും ആവശ്യമാണ്
- ഓഫീസ് ഡിജിറ്റലൈസേഷൻ
- നീന്തൽ കുളം, ജിംനേഷ്യം, യോഗഹാൾ എന്നിവ നിർമ്മിക്കേണ്ടതുണ്ട്

- ആകർഷകമായ വിധത്തിൽ പൂന്തോട്ടം ,ജൈവവൈവിധ്യ പാർക്ക് ,ശാസ്ത്ര പാർക്ക്, ശലഭോദ്യാനം, ഔഷധത്തോട്ടം, പരിസ്ഥിതി സൗഹൃദ മാലിന്യ നിർമ്മാർജന പദ്ധതി, ബയോഗ്യാസ് പ്ലാന്റ് ,മഴവെള്ള സംഭരണി , സോളാർ പാനലുകൾ ഇവയെല്ലാം നിർമ്മിക്കേണ്ടതുണ്ട്
- കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാൻ സ്കൂളിന് ഒരു സ്റ്റുഡിയോ റൂം തയ്യാറാക്കേണ്ടതുണ്ട്
- കൃഷി ,അറ്റകുറ്റപണി തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിനായി പണിയായുധങ്ങൾ വാങ്ങേണ്ടതുണ്ട്
- ഓഫീസിൽ ത്രീ ഇൻ വൺ പ്രിൻ്റർ ആവശ്യമുണ്ട്.

## അക്കാദമികം - നേട്ടങ്ങൾ

കഴിഞ്ഞ 40 ബാച്ചുകളിലായി എസ്എസ്എൽസി പരീക്ഷയിൽ 38 തവണ 100% വിജയം കരസ്ഥമാക്കിക്കൊണ്ട് ചേർത്തല വിദ്യാഭ്യാസ ജില്ലയിലെ മികച്ച സ്കൂൾ എന്ന ബഹുമതി നിലനിർത്തുന്നു.. ആലപ്പുഴ പാർലമെൻ്റ് മണ്ഡലത്തിൻ്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ നിന്നും എസ്എസ്എൽസി പരീക്ഷയ്ക്ക് ഫുൾ എ പ്ലസ് കരസ്ഥമാക്കുന്ന കുട്ടികൾക്കും 100% വിജയം കൈവരിക്കുന്ന സ്കൂളുകൾക്കും നൽകുന്ന പൊൻതൂവൽ എം പി മെറിറ്റ് അവാർഡ് തുടർച്ചയായി 18 തവണയും നമ്മുടെ സ്കൂൾ കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ എട്ടാം ക്ലാസ് കുട്ടികൾക്ക് ഉള്ള എൻ എം എം എസ് പരീക്ഷ എല്ലാവർഷവും എട്ടാം ക്ലാസിലെ കുട്ടികൾ എഴുതുകയും സ്കോളർഷിപ്പ് കരസ്ഥമാക്കുകയും ചെയ്യുന്നു. 2024 -25 അധ്യയന വർഷത്തിൽ 6 കുട്ടികൾ എൻ എം എം എസ് സ്കോളർഷിപ്പിന് അർഹരായി. കൂടാതെ 8, 9, 10 ക്ലാസിലെ കുട്ടികൾ ഇൻസ്പെയർ അവാർഡിന് അപേക്ഷിക്കുകയും അത് കരസ്ഥമാക്കുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ സ്കൗട്ട് ആൻഡ് ഗൈഡ് ,എൻസിസി റെഡ് ക്രോസ് ,ലിറ്റിൽ കൈറ്റ്സ് എന്നീ വ്യത്യസ്ത സംഘടനകളായി ഏതാണ്ട് 350 ഓളം കുട്ടികൾ പ്രവർത്തിക്കുകയും അതുവഴി സ്കൂളിൻ്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കാളികളായി അക്കാദമിക ഉയർച്ചയ്ക്ക് പ്രധാന പങ്കുവഹിക്കുകയും ചെയ്യുന്നു.

## അക്കാദമികം - പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് വർദ്ധിക്കേണ്ടതുണ്ട്. അതിനായി പ്രത്യേകം കോച്ചിംഗ് ക്ലാസുകൾ എടുക്കുകയും അതോടൊപ്പം തന്നെ ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിക്കേണ്ടതുണ്ട് .സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. കലാകായിക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുന്നതിന് മതിയായ സ്ഥല സൗകര്യങ്ങൾ ഇല്ല .അധ്യാപക വിദ്യാർത്ഥി അനുപാതം കൂടുതലായതിനാൽ കുട്ടികളുടെ വ്യത്യസ്തങ്ങളായ കഴിവുകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിന് പരിമിതികൾ ഉണ്ട്.രണ്ടു കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ എന്ന ക്രമത്തിൽ പ്രാക്ടിക്കൽ ആവശ്യങ്ങൾക്കായി കമ്പ്യൂട്ടർ ലഭ്യമാക്കുകയും, കമ്പ്യൂട്ടർ

ലാബ് നവീകരിക്കുകയും ചെയ്യണം.കായിക പരിശീലനത്തിനായി കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങേണ്ടതുണ്ട്.

- ## പദ്ധതി വിശദാംശങ്ങൾ -അക്കാദമികം

**മാതൃഭാഷ**

**പ്രവർത്തനം 1**

**പേര്: അർത്ഥപൂർണ്ണമായ വായന**

**ഉപമേഖല: വായനശേഷി വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ | വായനോത്സവം സംഘടിപ്പിക്കൽ<br>കഥാ വായന<br>കവിത വായന<br>പുസ്തകാസ്വാദനം<br>പുതിയ പുസ്തകം പരിചയപ്പെടുത്തൽ | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാള അധ്യാപകർ | |

**പ്രവർത്തനം 2**

**പേര് :രചന ശില്പശാല**

**ഉപ മേഖല: ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻഅവസരം ഒരുക്കൽ | കഥയരങ്ങ്, കവിതയരങ്ങ് ,രചനാ ശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം മലയാള അധ്യാപകർ | 2000 / സ്പോൺസർഷിപ്പ് |

പ്രവർത്തനം 3

പേര്:പ്രസിദ്ധീകരണത്തിലേക്ക്

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | എസ്ഐ ടി സി വിദ്യാരംഗം | |

പ്രവർത്തനം 4

പേര്: സർഗ്ഗസല്ലാപം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ അവരുടെ വായന ,എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച് എം പി ടി എ | 2000 സ്പോൺസർഷിപ്പ് |

പ്രവർത്തനം 5

പേര്: ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ഒരു വർഷത്തെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എസ് . ആർ .ജി യിൽ രൂപപ്പെടുത്തുക നിശ്ചിത ദിവസങ്ങളിൽ അവ ആഘോഷപൂർവ്വം സംഘടിപ്പിക്കുക | അതാതു ദിനങ്ങളിൽ | എസ് .ആർ . ജി , അധ്യാപകർ | |

പ്രവർത്തനം 6

പേര് : കയ്യെഴുത്തു മാസിക

ഉപമേഖല: സർഗാത്മകശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മകശേഷി കളുടെ വികസനം | വിവിധ വ്യവഹാര രൂപങ്ങൾ, ചിത്രങ്ങൾ , കാർട്ടൂണുകൾ , ശാസ്ത്ര ലേഖനം , തുടങ്ങിയ വിഭാഗങ്ങൾ ഉൾപ്പെടുത്തി മാസിക നിർമ്മിക്കുന്നു . | ഒരു വർഷം ഒരു ക്ലാസിന് ഒരു മാസിക | അതാത് ക്ലാസ് അധ്യാപകർ | 1500 സ്പോൺസർഷിപ്പ് |

പ്രവർത്തനം - 7

പേര് : ഗ്രന്ഥശാല ശക്തീകരണം

ഉപമേഖല:  ഭാഷ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ. | വർഷത്തിൽ ഒരു പ്രാവശ്യം | ഹെഡ്മാസ്റ്റർ,പിടിഎ ലൈബ്രേറിയൻ | |

| | | | | |
|---|---|---|---|---|
| പരിചയപ്പെടൽ | ജന്മദിനത്തിൽ ഒരു പുസ്തകം, ക്ലാസ് റൂം ലൈബ്രറി നവീകരണം, ക്ലാസ് തല പുസ്തക വിതരണം. | | | |

പ്രവർത്തനം - 8

പേര് : നാടക കളരി

ഉപമേഖല : ഭാഷ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റുക | പാഠഭാഗങ്ങളിലെ നോവൽ, കവിതകൾ, കഥകൾ എന്നിവയുടെ നാടകാവിഷ്കരണം | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച് എം അധ്യാപകർ പിടിഎ | 1000/- |

പ്രവർത്തനം - 9

പേര് :അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല :-സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷിയുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഹെഡ്മാസ്റ്റർ അധ്യാപകർ | 1000/- |

പ്രവർത്തനം - 10

പേര് : കുട്ടികളുടെ റേഡിയോ

ഉപമേഖല :-ഭാഷാ പ്രകടനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്ത ിക വിശകല നം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | ഒഴിവ് സമയങ്ങളിൽ കുട്ടികളിലെ സർഗ്ഗവാസനകളും അതോടൊപ്പം സാഹിത്യകാരന്മാരുടെ മികച്ച രചനകളും പ്രക്ഷേപണം നടത്തുന്നു. | ഒഴിവ് സമയങ്ങളിൽ | വിദ്യാരംഗം മലയാള അധ്യാപകർ | |

പ്രവർത്തനം - 11

പേര് :-നാട്ടറിവുകളുടെ ശേഖരണം

ഉപമേഖല: -നാട്ടറിവിലുള്ള വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാട്ടറിവുകൾ മനസ്സിലാക്കുക | .വിവിധ നാടൻ ചികിത്സാരീതികൾ / ഔഷധസസ്യങ്ങൾ എന്നിവയെക്കുറിച്ച് വിവരണങ്ങൾ ശേഖരിച്ച് കുറിപ്പ് | വർഷത്തിൽ ഒന്ന് | വീട്ടിലെ മുതിർന്നവർ അധ്യാപകർ | |

പ്രവർത്തനം - 12

പേര് :- മലയാളത്തിളക്കം

ഉപമേഖല: -ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്ക അവസ്ഥ പരിഹരിക്കൽ | .പ്രീടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ, വാക്കുകൾ നിർമ്മിക്കുക, വാക്യങ്ങൾ നിർമ്മിക്കുക, ഭാഷാപരമായി | മാസംതോറും | മലയാള അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | | | |

ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്<br>ഇംഗ്ലീഷ് ലൈബ്രറിയുടെ നവീകരണം<br>ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം<br><br>ഇംഗ്ലീഷ് അസംബ്ലി | അവധിക്കാലം<br><br>ശനിയാഴ്ചകൾ | പി ടി എ<br>ഇംഗ്ലീഷ് അധ്യാപകർ | പി ടി എ<br>മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2 ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾ ക്ക് അവസരം ഒരുക്കുക | സിനിമ,<br>ഡോക്യൂമെന്ററി - ജീവചരിത്രം തയ്യാറാക്കുന്നതിനു വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br><br>ഇംഗ്ലീഷ് ഡേ ആചരണം, സെമിനാർ, ചർച്ചകൾ എന്നിവ ക്ലബ് അടിസ്ഥാനത്തിൽ | അക്കാദമിക വർഷം | ഇംഗ്ലീഷ് അദ്ധ്യാപകർ<br>ഇംഗ്ലീഷ് ക്ലബ്, | പി ടി എ,<br>ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| | നടത്തുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3 സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വാതന്ത്രമായ എഴുത്തിന് സജ്ജരാക്കുക അക്ഷര കാർഡ്, പദ കാർഡ്, വാക്യനിർമാണത്തിനുള്ള കാർഡുകൾ | ചിത്രവായന, ലഘുകഥ നിർമ്മാണം, പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ | അക്കാദമിക വർഷം | ഇംഗ്ലീഷ് അദ്ധ്യാപകർ ഇംഗ്ലീഷ് ക്ലബ്, | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4 നാടകീകരണം | ഇംഗ്ലീഷ് അസംബ്ലി, സ്കിറ്റ്, ഇംഗ്ലീഷ് ലാബ്<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ്, കഥാപ്രസംഗം എന്നി വയിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | എസ് ആർ ജി, ടീച്ചേഴ്സ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5 | | | | |

| | | | | |
|---|---|---|---|---|
| കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു. ഇംഗ്ലീഷ് ഓഡിയോ കേൾക്കുന്നതിനുള്ള അവസരം | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. പ്രശസ്ത കവികളുമായുള്ള ഇന്റർവ്യൂകൾ കാണിക്കുന്നു. ബുക്ക് റിവ്യൂസ് . രചനകളുടെ പ്രദർശനം | വർഷത്തിൽ രണ്ടു പ്രാവശ്യം | ടീച്ചേഴ്സ്,പിടിഎ, എസ് ആർ ജി | ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6 സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖങ്ങൾ കാണിക്കുന്നു. ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരം | വെക്കേഷൻ ( ഓണം, ക്രിസ്മസ് ) അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് പി ടി എ, എസ് ആർ ജി, | പി ടി എ, എസ് ആർ ജി, മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7 സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | നേറ്റീവ് സ്പീക്കേഴ്സുമായിസമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ | ടീച്ചേഴ്സ്, പിടിഎ, എസ് ആർ ജി | പിടിഎ, എസ് ആർ ജി, മാനേജ്മെന്റ് |

## ഹിന്ദി

### മേഖല . അക്കാദമികം

### പൊതുവായ ലക്ഷ്യങ്ങൾ

1 സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

2 ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

2 ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

3 ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

4 ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും . വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നല്കുന്നു.അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ജൂൺ --ജൂലൈ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഴ്ചയുടെ പേരുകൾ,എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലംഓഗസ്റ്റ് - സെപ്റ്റംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി അനായാസം | കേട്ടെഴുത്ത്, പദസൂര്യൻ, | ഡിസംബർ | | |

| | | | | |
|---|---|---|---|---|
| എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.വായന പരിശീലനത്തിന്അധിക പ്രാധാന്യം നൽകു ന്നു.കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പി ക്കുവാൻ കഴിയുന്നു. | പ്രശ്നോത്തരിഎന്നിവ നൽ കുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുട ങ്ങിയവ വായനയ്ക്കായി നൽകുന്നു. | - ജനുവരി | | |

## ഒമ്പതാംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി എഴുതുവാനും വായി ക്കുവാനും പിന്നാക്കം നിൽ ക്കുന്ന കുട്ടികളെകണ്ടെത്തി കൂടുതൽ പരിശീ ലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാമം, സർ വ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു . ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർ വ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.സൂചനാ ബോർ ഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധവിഷയങ്ങൾ നല്കുന്നുക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നുചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ നവംബർ | | |

## പത്താംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നുസന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം ജൂൺ-ജൂലൈ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു.കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങലെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | നവംബർ - ജനുവരി | | |

## സോഷ്യൽ സയൻസ്

കുട്ടികളെ social Science എന്ന വിഷയത്തിലേക്ക് ആകർഷിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7 th ൽ നിന്ന് വരുന്ന കുട്ടികൾക്ക് പ്രാഥമികമായ അറിവ് വിഷയത്തിൽ സൃഷ്ടിക്കാനും up-- Hs പഠന വിടവ് പരിഹരിക്കൽ ലക്ഷ്യമാക്കുന്നു. 9th class നെ പുതിയ പാഠ്യപദ്ധതിക്ക് അനുയോജ്യമായ രീതിയിൽ പരിശീലിപ്പിക്കാൻ ഉള്ള ശ്രമം 10th നെ പുതിയ നയമായ Minimum mark എന്ന വസ്തുത ലക്ഷ്യമാക്കി വിഷയങ്ങളുടെ | എല്ലാ Class കളിലും Globe / Map /Atlas ഇവ പരിചയപ്പെടാനും അടിസ്ഥാനങ്ങൾ ഗ്രഹിക്കാൻ ഉള്ള അവസരം രൂപീകരിക്കും വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ധേശ പ്രകാരം ആരംഭിച്ച Newspaper Editorial Reading ന് club രൂപീകരിക്കും chart ചെയ്യപ്പെട്ട ദിനാചരണങ്ങൾ Quiz / Wall Magazine/ ChartPresentation/ Speech മത്സരങ്ങളിലൂടെ കുട്ടികളുടെ പങ്കാളിത്തവും അറിവിന്റെ നിർമ്മാണവും ലക്ഷ്യമാക്കുന്നു School Parliament | | | |

| | | | | |
|---|---|---|---|---|
| ആഴത്തിലൂടെ സഞ്ചരിപ്പിച്ച് പൊതു പരീക്ഷക്ക് സജ്ജമാക്കി Hs പഠനത്തോട് Social Science ൽ മികച്ച അറിവുകളുടെ നിർമ്മാണം | രൂപീകരണം ,ജീവിതാനുഭവവും പരിശീലനവുമാക്കുവാൻ പദ്ധതി 8th ലെ കുട്ടികൾക്ക് NMMS പരിശീലനം | | | |

ഫിസിക്കൽ സയൻസ്

പ്രവർത്തനം 1

പേര് :ശാസ്ത്ര കൗതുകങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര കൗതുകം, ജിജ്ഞാസ ,പരീക്ഷണ നിരീക്ഷണ പാടവം, ശാസ്ത്രീയ മനോഭാവം എന്നിവ പരിപോഷിപ്പിക്കൽ | ലഘു പ്രോജക്ടുകൾ ലഘുപരീക്ഷണങ്ങൾ എന്നിവ കുട്ടികൾക്ക് ഗ്രൂപ്പ് പ്രവർത്തനങ്ങളായി നൽകി അവ മറ്റു കുട്ടികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സ്റ്റിൽ മോഡലുകൾ,വർക്കിംഗ് മോഡലുകൾ എന്നിവ നിർമിച്ച് പ്രദർശിപ്പിക്കുന്നു | മൂന്നു മാസത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് | പിടിഎ |

പ്രവർത്തനം 2

പേര് :ശാസ്ത്രപോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടൽ | ശാസ്ത്രാഭിരുചി വളർത്തുന്ന ക്ലാസുകൾ, നൂതന സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സെമിനാറുകൾ, പ്രദർശനങ്ങൾ ,സയൻസ് ക്വിസ് എന്നിവ നടത്തൽ | പ്രതിമാസ പരിപാടി | | പിടിഎ |

## പ്രവർത്തനം : 3

**പേര് : ശാസ്ത്രലാബ് വിപുലപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബ് വ്യക്തിഗത ഉപയോഗത്തിന് യോഗ്യമാക്കുക | നിലവിലുള്ള അവസ്ഥയിൽ നിന്നും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കുട്ടികൾക്ക് വ്യക്തിഗതമായോ,ഗ്രൂപ്പായോ പരീക്ഷണങ്ങൾ ചെയ്യുന്നതിനു വേണ്ടത്ര ലാബ് ഉപകരണങ്ങൾ വാങ്ങുക, ലാബിലെ രാസവസ്തുക്കളും ഉപകരണങ്ങളും ഇനം തിരിച്ച് ക്രമീകരിക്കുക. | വർഷത്തി ലൊരിക്കൽ | ഹെഡ് മാസ്റ്റർ, സയൻസ് ക്ലബ്ബ് | പിടിഎ പൂർവ്വവിദ്യാർത്ഥികൾ |

## പ്രവർത്തനം 4

**പേര് : പ്രതിഭാപോഷണ പരിപാടി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | പ്രതിഭാശാലികളായ കുട്ടികൾക്ക് ഒഴിവ് ദിനങ്ങളിൽ വിദഗ്ധരുടെ ക്ലാസുകൾ ക്രമീകരിക്കൽ | വർഷത്തിലൊരിക്കൽ | ഹെഡ്മാസ്റ്റർ, സയൻസ് ക്ലബ്ബ് | എസ് എം സി, പി ടി എ |

## പ്രവർത്തനം 5

**പേര് : ശാസ്ത്രമേളകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചെയ്തു പഠിക്കുക | സ്കൂൾ തല ശാസ്ത്രമേള | വർഷത്തിലൊരിക്കൽ | സയൻസ് | |

| | | | | |
|---|---|---|---|---|
| എന്നതിലൂടെ ശാസ്ത്ര പഠനം രസകരമാക്കൽ | എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ നടത്തുന്നു. | | ക്ലബ്ബ് | |

## പ്രവർത്തനം 6

**പേര് : ശാസ്ത്ര പഠനയാത്ര**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റ് ,ശാസ്ത്ര പാർക്ക്, പ്ലാനറ്റോറിയം എന്നിവ സന്ദർശിക്കൽ | വർഷത്തിലൊരിക്കൽ | സയൻസ് ക്ലബ്ബ് | |

## പ്രവർത്തനം 7

**പേര് : സയൻസ് ലൈബ്രറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെ മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം കുട്ടികളിൽ വളർത്തിയെടുക്കുക | ക്ലാസുകളിൽ ശാസ്ത്രപുസ്തകങ്ങൾ നൽകി വായനാശീലം പ്രോത്സാഹിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | സയൻസ് ക്ലബ്ബ് | |

## പ്രവർത്തനം 8

**പേര് : സയൻസ് പാർക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കളിച്ചുകൊണ്ട് പഠിയ്ക്കുക എന്നതിലൂടെ കുട്ടികളിൽ ശാസ്ത്രതാൽപര്യം ജനിപ്പിക്കുക | സ്കൂളിനോട് ചേർന്ന് മുൻവശത്തായി ഒരു ശാസ്ത്രോദ്യാനം പണിയുക | അടുത്ത 3 വർഷത്തിനുള്ളിൽ | ഹെഡ്മാസ്റ്റർ, എസ് എം സി, പി ടി എ | എസ് എം സി, പി ടി എ |

## നാച്വറൽ സയൻസ്

### 1. പ്രവർത്തനം -1

**പേര്- ഔഷധത്തോട്ടനിർമാണം**

**ഉപമേഖല- ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടനിർമാണം | ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയിക. ഔഷധത്തോട്ടം നട്ടുപരിപാലിക്കുക, അവയുടെ നാമം, ശാസ്ത്രം നാമം, ഗുണങ്ങൾ എന്നിവ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുക | വർഷം മുഴുവൻ | ബയോളജി ക്ലബ്ബ് | 10000/- വിവിധ ആയുർവേദ സ്ഥാപനങ്ങൾ |

### 2. പ്രവർത്തനം- 2

**പേര് - ബയോളജി കോർണർ**

**ഉപമേഖല - ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വിശകലനം |
| വായനാശീലം വളർത്തി ശാസ്ത്രവബോധം വർദ്ധിപ്പിക്കുക | സ്കൂൾ ഗ്രന്ഥശാലയിൽ ബയോളജി കോർണർ സ്ഥാപിക്കുകയും ഇവിടെ കുട്ടികൾക്ക് ഉപകാരപ്രദമായ ജീവശാസ്ത്ര ഗ്രന്ഥങ്ങളും മാസികകളും പരമാവധി ലഭ്യമാക്കുകയും ചെയ്യുക. | വർഷം മുഴുവൻ | ബയോളജി ക്ലബ്ബ് | |

പ്രവർത്തനം-3

പേര് - പഠനം അനുഭവദായകമാക്കാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ - വിവിധ പഠനയാത്രകൾ(കസാറ്റ്, സുവോളജിക്കൽ ഗാർഡൻ, ജൈവവൈവിധ്യ പാർക്കുകൾ ) എന്നിവ സന്ദർശിക്കൽ | പ്രതിവർഷം 2 യാത്രകൾ | ജീവശാസ്ത്ര ക്ലബ്ബ്, PTA | |

പ്രവർത്തനം 4

പേര് - കാർഷികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയുടെ പ്രാധാന്യത്തെപ്പറ്റി കുട്ടികളെ ബോധവാൻമാരാക്കുക | കുട്ടികൾക്ക് കൃഷിയിൽ താല്പര്യം വളർത്തുകയും കൃഷി സംബന്ധമായ കാര്യങ്ങളിൽ അറിവ് നേടുന്നതിന് സഹായകരമായ കാര്യങ്ങൾ ചെയ്യുക കൃഷിസ്ഥലങ്ങൾ സന്ദർശിക്കുക.<br>* സ്കൂളുകളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുക.<br>* കാർഷികമേഖലയിൽ മികവു തെളിയിച്ച പ്രദേശവാസികളായവരെകൊണ്ടും, കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ കൊണ്ടും ക ക്ലാസുകൾ എടുപ്പിക്കുക | സ്കൂൾ വർഷം | ബയോളജി ക്ലബ്ബ്, PTA | 75000/- |

പ്രവർത്തനം - 5

പേര് - ജീവശാസ്ത്രമാസിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വിശകലനം |
| ജീവശാസ്ത്ര മാസിക, ജീവശാസ്ത്ര പതിപ്പ് തയാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ജീവശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | 1 വർഷം | SRG, ജീവശാസ്ത്ര ടീച്ചർ | |

പ്രവർത്തനം - 6

പേര് - ഉന്നത വിദ്യാഭ്യാസ മേഖലകൾ പരിചയപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉന്നത വിദ്യാഭ്യാസം തൊഴിലവസരം എന്നീകാര്യങ്ങളിൽ ദിശാബോധം നൽക്കുക | അധുനിക ജീവശാസ്ത്രത്തിന്റെ വളർച്ചയെ കുറിച്ചും, ജീവശാസ്ത്രത്തിലെ വിവിധ മേഖലകളെ കുറിച്ചും കുട്ടികളെ ബോധവാൻമാരാക്കുക. ഇതിനായി ജീവശാസ്ത്ര മേഖലയിലെ വിവിധ വിഭാഗങ്ങളിൽ പ്രാവീണ്യം നേടിയവരുടെ സെമിനാറുകൾ നടത്തുക | വർഷത്തിൽ ഒന്ന് | ജീവശാസ്ത്ര ക്ലബ്ബ്, PTA | |

പ്രവർത്തനം -7

പേര് - മോഡൽ നിർമ്മാണം ( ശില്പശാല )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മോഡൽ നിർമ്മണം ( ശില്പശാല) | ജീവശാസ്ത്രവുമയി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, ബയോളജി ടീച്ചർ, PTA | 2500/ |

ഗണിതം

പ്രവർത്തനം 1

പേര് :ഗണിത ശില്പശാല

ഉപമേഖല :ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | ഗണിതശേഷികൾ കൈവരിക്കുന്നതിനു ള്ള പരിശീലനം<br>വിവിധ ഗണിത രൂപങ്ങൾ നിർമ്മിച്ച അവ പട്ടികപ്പെടുത്തൽ | വർഷത്തിലൊരിക്കൽ | ഗണിത ക്ലബ്ബ് | 2000/ |

പ്രവർത്തനം :2

പേര് :ഗണിത ക്വിസ്

ഉപമേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത വിജ്ഞാനം പരിപോഷിപ്പിക്കുക | ഗണിത സംബന്ധമായ പുസ്തകങ്ങൾ നൽകുന്നു വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു | വർഷത്തിലൊരിക്കൽ | ഗണിത ക്ലബ്ബ് | |

പ്രവർത്തനം :3

പേര് :ഗണിത ലാബ് സജ്ജീകരണം

ഉപമേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | |

പ്രവർത്തനം :4

പേര് :ഗണിത മാഗസിൻ നിർമ്മാണം

ഉപമേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തോട് ആഭിമുഖ്യം | ഗണിതവുമായി ബന്ധപ്പെട്ട പാറ്റേണുകൾ, കവിതകൾ ,ലേഖനങ്ങൾ, കുസൃതി കണക്കുകൾ ,തുടങ്ങിയവ ശേഖരിക്കൽ മാഗസിൻ തയ്യാറാക്കൽ | വർഷത്തില ൊരിക്കൽ | ഗണിത ക്ലബ്ബ് | 1000/- |

പ്രവർത്തനം 5

പേര് : ഗണിത പൂക്കള നിർമ്മാണം

മേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതരൂപങ്ങളെ തിരിച്ചറിയൽ | വിവിധ രൂപങ്ങളെ തിരിച്ചറിയത്തക്കവിധം വിവിധ വർണ്ണത്തിൽ പൂക്കളം സജ്ജീകരിക്കൽ | ഓണക്കാലം | ഗണിത അധ്യാപകർ | 2000/- |

പ്രവർത്തനം 6

പേര് :ഗണിതോത്സവം

ഉപമേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തോട് ആഭിമുഖ്യം വളർത്തുക | ഗണിതവുമായി ബന്ധപ്പെട്ട കവിതകൾ പാറ്റേണുകൾ കുസൃതി കണക്കുകൾ ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം ഗണിത ഓട്ടൻതുള്ളൽ തുടങ്ങിയവ പൊതുസമൂഹത്തിന്റെ മുൻപിൽ അവതരിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | 5000/- |

പ്രവർത്തനം : 7

പേര് :ഗണിത അസംബ്ലി

ഉപമേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തോട് താല്പര്യം വർദ്ധിപ്പിക്കുക | അസംബ്ലിയുമായി ബന്ധപ്പെട്ട ഗണിത പ്രാർത്ഥന, ഗണിത പ്രതിജ്ഞ, ഗണിത കവിത, കുസൃതി കണക്ക് ,ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവയുടെ അവതരണം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബംഗങ്ങൾ | |

പ്രവർത്തനം : 8

പേര് :ഗണിത ലൈബ്രറി

ഉപമേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാഭിമുഖ്യം വർദ്ധിപ്പിക്കുക | ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കുട്ടികളിൽ നിന്ന് ശേഖരിക്കൽ അവയുടെ സജ്ജീകരണം . | വർഷത്തിൽ രണ്ട് പ്രാവശ്യം | ഗണിത ക്ലബ്ബംഗങ്ങൾ | |

മേഖല : ICT

പ്രവർത്തനം : 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധക്പെട്ട പഠന പ്രവർത്തനങ്ങൾ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക.ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ,ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | PTA |

പ്രവർത്തനം : 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും. വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ലിറ്റിൽ കൈറ്റ്സ് ക്ലബ്,പി ടി എ | പി ടി എ |

പ്രവർത്തനം : 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. Robotic kit,Arduino എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | ലിറ്റിൽ കൈറ്റ്സ് ക്ലബ് | പി ടി എ |

കായിക വിദ്യാഭ്യാസം: 1

പേര് :കായിക പരിശീലനം

ഉപമേഖല കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം. | ആഴ്ചയിൽ മൂന്ന് ദിവസം | പിടിഎ, കായിക അധ്യാപകൻ | സ്പോൺസർഷിപ്പ് |

പ്രവർത്തനം 2

പേര് : നീന്തൽ പരിശീലനം

ഉപമേഖല :ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പഠനം, സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയശ്വസനക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഏറോബിക്സ് പരിശീലനം | ഒന്നു മുതൽ ഫെബ്രുവരി 28 വരെ | സ്കൂൾ തല നിർവഹണസമിതി | വിദ്യാലയ വികസന സമിതി, പൂർവ വിദ്യാർത്ഥികൾ |

പ്രവർത്തനം :3

പേര് :കായികതാരങ്ങൾക്ക് സമ്മാനങ്ങൾ

ഉപമേഖല :കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമ്മാനം നൽകി പ്രോത്സാഹിപ്പിക്കൽ | സ്കൂൾ ,ഉപജില്ല, ജില്ല സംസ്ഥാനതല, വിജയികൾക്ക് ക്യാഷ് അവാർഡ് മെമെന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം | ഹെഡ്മാസ്റ്റർ, കായിക അധ്യാപകൻ | പി ടി എ,SMC |

ഉപമേഖല : കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവിദ്യാഭ്യാസം | കലാരംഗത്ത് വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള കുട്ടികൾക്ക് അവ പ്രദർശിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു വേദി | അക്കാദമിക വർഷം | കലാധ്യാപകർ | എസ് എസ് ജി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവിദ്യാഭ്യാസം | കലാപ്രവർത്തനങ്ങൾക്കും വിവിധ മേഖലകളിലെ പരിശീലനത്തിനുമായി ഒരു സ്ഥിരം ക്ലാസ് റൂം കലാസൃഷ്ടികൾ പ്രദർശിപ്പിക്കാനും പരസ്പരം വിലയിരുത്താനുമുള്ള സംവിധാനങ്ങൾ | അക്കാദമിക വർഷം | കലാധ്യാപകർ | എസ് എസ് ജി |

പദ്ധതി വിശദാംശങ്ങൾ :ഭൗതികം

**പ്രവർത്തനം: 1**

**പേര് : ഓപ്പൺ സ്റ്റേജ്**

**മേഖല ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതികൂല കാലാവസ്ഥകളിലും പൊതുപരിപാടികൾ അസംബ്ലികൾ ഇവ ഭംഗിയായി നടത്തുക | ഓപ്പൺ സ്റ്റേജ് നിർമ്മിക്കുക | നാലുവർഷം | എസ് എം സി മാനേജ്മെന്റ് | 35 ലക്ഷം |

**പ്രവർത്തനം : 2**

**പേര് : പ്രവേശന കവാടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ പ്രവേശന കവാടം ആകർഷണം ആക്കൽ | പ്രവേശന കവാടം ആകർഷകമാക്കുക | നാലുവർഷം | ജില്ലാ പഞ്ചായത്ത് | |

**പ്രവർത്തനം : 3**

**പേര് : ആകർഷണമായ വിധത്തിൽ പൂന്തോട്ടം നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്യാമ്പസ് സൗന്ദര്യവൽക്കരണം | സ്കൂൾ ക്യാമ്പസിൽ ഇല ചെടികൾ വച്ചുപിടിപ്പിച്ച് ഭംഗിയായി വെട്ടിയെടുക്കുക. പൂച്ചെടികൾ വച്ച് മനോഹരമാക്കുക | ഒരു വർഷം | എസ് എം സി മാനേജ്മെന്റ് | സ്പോൺസർഷിപ്പ് |

പ്രവർത്തനം : 4

പേര് : നീന്തൽ കുളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ജലലഭ്യത,സ്ഥലവിസ്തൃതി എന്നിവ പരിഗണിച്ച് നീന്തൽകുളം നിർമ്മിക്കൽ | ഒരു പ്രാവശ്യം | കായിക അധ്യാപകൻ പിടിഎ | |

പ്രവർത്തനം : 5

പേര് : ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ബയോഗ്യാസ് ആക്കി സ്കൂളിന്റെ പാചക ആവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | ഒരു വർഷം | പിടിഎ ,ഉച്ചഭക്ഷണ കമ്മിറ്റി | |

പ്രവർത്തനം : 6

പേര് :സൗരോർജ്ജ പാനൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യ ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ ഓഡിറ്റോറിയത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | രണ്ടുവർഷം | | |

# പദ്ധതി വിശദാംശങ്ങൾ -സാമൂഹികം

പ്രവർത്തനം: 1

പേര് :പൂർവ്വ വിദ്യാർത്ഥി സംഗമം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകൾ ആയി പൂർവവിദ്യാർഥി സംഗമം വിളിച്ചുചേർക്കൽ അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിലൊരിക്കൽ | എസ് എസ് ജി | |

പ്രവർത്തനം : 2

പേര് : പൂർവ്വ അധ്യാപക സംഗമം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ അധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | കാലം രണ്ടു വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | |

പ്രവർത്തനം 3

പേര് : മികവുത്സവം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം പഠനം കാര്യക്ഷമമാക്കൽ | അധ്യയനവർഷാവസാനം കുട്ടികൾ ആർജിച്ച മികവുകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കൽ | വർഷത്തിലൊരിക്കൽ | എസ് ആർ ജി | |

പ്രവർത്തനം :4

പേര് :പുസ്തക സമാഹരണം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അധ്യാപകരും കുട്ടികളും കൂടി സ്കൂൾ പരിസരത്തെ വീട്ടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ ജി പി ടി എ | |

പ്രവർത്തനം : 5

പേര് :സ്കൂൾ കലണ്ടർ

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ ജി പി ടി എ | |

പ്രവർത്തനം : 6

പേര് :We share

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല: | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു | ഓരോ ക്ലാസിലെയും കുട്ടികളും ടീച്ചറും ചേർന്ന് ആഴ്ചയിൽ ഒരു ദിവസം വി ഷെറിലേക്കുള്ള കളക്ഷൻ നടത്തുന്നു. അതിൽ നിന്ന് വിദ്യാലയത്തിൽ തന്നെ അർഹരായ കുട്ടികളുടെ വീട്ടിലേക്കുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നു | | | |

## ഉപസംഹാരം

മഹത്തായ വിദ്യാഭ്യാസ പാരമ്പര്യമുള്ള കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് ഒട്ടേറെ സവിശേഷതകൾ ഉണ്ട്. ജാതി,മത,സാമ്പത്തിക വേർതിരിവില്ലാതെ ഏവർക്കും വിദ്യ അഭ്യസിക്കുവാൻ സൗകര്യമൊരുക്കുന്ന പൊതു വിദ്യാലയങ്ങൾ ഇന്ന് മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരുണത്തിൽ മദർ തെരേസ ഹൈസ്കൂളും ഈ സ്കൂളിലെ ഓരോ കുട്ടിയെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ "അക്ഷയ ജ്യോതിസ്" എന്ന അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ടുവച്ചിരിക്കുകയാണ്. "വിദ്യാഭ്യാസം എന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതല്ല,അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജിക്കലാണ്" എന്ന ഗാന്ധിജിയുടെ വാക്കുകളെ അനുസ്മരിച്ച് ഈ വികസന രേഖയിലെ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഈ സ്കൂളിന് സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. നല്ല ശീലങ്ങൾ ഉള്ള, ആരോഗ്യമുള്ള, കായികപരവും ,കലാപരവുമായ ശേഷി ലോക നിലവാരത്തിൽ പ്രദർശിപ്പിക്കുവാൻ ശേഷിയുള്ള പൗരന്മാരായി ഭാവിതലമുറയെ മാറ്റുന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രത്യാശിക്കാം.

**വെളിച്ചമേ ...........**

**നയിച്ചാലും**



## അനുബന്ധം

## കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| Year | VIII | IX | X | Total |
|---|---|---|---|---|
| 2007-08 | 193 | 194 | 153 | 540 |
| 2008-09 | 189 | 191 | 192 | 572 |
| 2009-10 | 200 | 204 | 182 | 586 |
| 2010-11 | 259 | 214 | 197 | 670 |
| 2011-12 | 265 | 272 | 215 | 752 |
| 2012-13 | 275 | 283 | 274 | 832 |
| 2013-14 | 266 | 291 | 271 | 828 |
| 2014-15 | 301 | 286 | 303 | 890 |
| 2015-16 | 202 | 314 | 283 | 799 |
| 2016-17 | 169 | 212 | 323 | 704 |
| 2017-18 | 163 | 180 | 198 | 541 |
| 2018-19 | 133 | 163 | 180 | 476 |
| 2019-20 | 154 | 135 | 166 | 455 |
| 2020-21 | 95 | 160 | 140 | 395 |
| 2021-22 | 112 | 100 | 160 | 372 |
| 2022-23 | 106 | 121 | 101 | 328 |
| 2023-24 | 165 | 109 | 128 | 402 |
| 2024-25 | 177 | 167 | 109 | 453 |
| 2025-26 | 200 | 181 | 167 | 548 |